പ്രിൻസിപ്പാളുടെ കാര്യാലയം
ഗവ എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോട്
**09-06-2025**

ക്വട്ടേഷൻ നമ്പർ-പി3/05/2025-26

<u>കാന്റീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ നോട്ടീസ്</u>

വിഷയം:- സർക്കാർ എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോട് 2025-26 വർഷത്തിൽ കാന്റീൻ നടത്തിപ്പ് ദർഘാസുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്-

കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ 2025-26 വർഷത്തിൽ കാന്റീൻ നടത്തിപ്പിനായി FSSAI (Food Safety and Standards Authority of India) സർട്ടിഫിക്കറ്റ് ഉള്ള കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കാന്റീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ എന്ന് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സീൽ ചെയ്ത കവറുകളിൽ അടക്കം ചെയ്തിരിക്കുന്ന ക്വട്ടേഷനുകൾ 18/06/2025 2 p.m വരെ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 3 മണിയ്ക്ക് തത്സമയം സാന്നിദ്ധ്യമുള്ള വ്യക്തികളുടെ മുമ്പാകെ തുറന്നു പരിശോധിക്കുന്നതുമാണ്. കാന്റീനിൽ ലഭിക്കേണ്ട ആഹാര സാധനങ്ങളുടെ വിവരം താഴെ ചേർത്തിട്ടുണ്ട്. ഈ നോട്ടീനോടനുബന്ധിച്ചുള്ള പട്ടികയിൽ പറയുന്ന താഴെ പറയുന്ന ആഹാര സാധനങ്ങൾക്ക് പുറമെ കൂടുതലായി എന്തെങ്കിലും വിൽക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവയുടെ അളവും നിരക്കും ക്വട്ടേഷനിൽ പ്രത്യേകമായി രേഖപ്പെടുത്തണം.

<u>വ്യവസ്ഥകൾ</u>

1. കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും സൌകര്യാർത്ഥം രാവിലെ 8 മുതൽ വൈകുന്നേരം 5 മണി വരെ ആണ് കാന്റീൻ പ്രവർത്തിക്കേണ്ടത്. ആഹാരസാധനങ്ങൾ വിൽക്കാൻ ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്ന ക്വട്ടേഷനാണ് സ്വീകരിക്കുന്നത്.

2. 2025-26 വർഷത്തിൽ കാന്റീൻ നടത്തുന്നതിനുള്ള അവകാശമാണ് ലേലം ചെയ്യുന്നത്. 01/07/2025 മുതൽ കാന്റീൻ തുറന്നു പ്രവർത്തിപ്പിക്കാൻ സന്നദ്ധരാകുന്നവർ മാത്രം ക്വട്ടേഷനുകൾ സമർപ്പിച്ചാൽ മതിയാകും. കാന്റീൻ നടത്തുന്നതിനുള്ള അവകാശം ലഭിക്കുന്ന വ്യക്തി തൃപ്തികരമായ രീതിയിൽ കാന്റീൻ പ്രവർത്തിപ്പിക്കുന്നതിൽ പരാജയപ്പെടുന്ന പക്ഷം കരാർ റദ്ദാക്കാനുള്ള പരമാധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.

3. കാന്റീൻ നടത്തിപ്പിനുള്ള കെട്ടിടം, വെള്ളം, വൈദ്യുതി എന്നിവ സ്ഥാപനത്തിൽ നിന്നും അനുവദിക്കുന്നതാണ്. വെള്ളം സൌജന്യമായിരിക്കും. കെട്ടിടത്തിന്റെ മാസ വാടക 550/- രൂപയും വൈദ്യുതി ചാർജ് 500/- രൂപയും ഉൾപ്പെടെ 1050/- രൂപ എല്ലാ മാസവും 10 ാം തീയതിയ്ക്ക് മുമ്പായി ഓഫീസിൽ മുൻകൂറായി ഒടുക്കേണ്ടതാണ്. ഇന്ധന ആവശ്യത്തിനായി സ്ഥാപനത്തിലെ മരങ്ങൾ മുറിച്ച് ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു. അത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം തക്കതായ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

4. സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 10,000/- രൂപ ഓഫീസിൽ അടയ്ക്കേണ്ടതാണ്.

5. കാന്റീൻ നടത്തുന്ന വ്യക്തി സ്വന്തം പേരിൽ കാന്റീൻ ലൈസൻസ് എടുത്തിരിക്കേണ്ടതും കാന്റീൻ ജീവനക്കാർ ഹെൽത്ത് കാർഡ് വാങ്ങേണ്ടതുമാണ്. നിശ്ചിത ഗുണനിലവാരമില്ലാത്തതും പഴകിയതും കേടുവന്നതുമായ ആഹാരസാധനങ്ങൾ വിൽക്കുവാൻ പാടില്ലാത്തതാകുന്നു. കാന്റീനിന്റെ നടത്തിപ്പിലും ഗുണനിലവാരത്തിലും ശുചിത്വത്തിലും ആരോഗ്യവകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

6. ആഹാര പദാർത്ഥങ്ങൾ പാകം ചെയ്യുന്നതിനുള്ള പലവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ സ്വന്തം നിലയ്ക്ക് വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്ഥാപന മേധാവിയ്ക്ക് യാതോരു ബാധ്യതയും ഇല്ലാത്തതാകുന്നു.

7. ക്വട്ടേഷനുകൾ സ്വീകരിക്കുമ്പോൾ അംഗീകരിക്കുന്ന ആഹാര സാധനങ്ങൾക്ക് പുറമേ പുതിയ ഇനങ്ങൾ വിൽക്കുവാൻ സ്ഥാപന മേധാവിയുടെ മുൻകൂർ അനുമതി തേടേണ്ടതാണ്.

8. ആഹാര സാധനങ്ങളുടെ അളവ്, വില എന്നിവ ക്വട്ടേഷൻ പ്രകാരം വ്യക്തമായി രേഖപ്പെടുത്തി പ്രദർശിപ്പിക്കേണ്ടതാണ്.

9. കാന്റീൻ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. കമ്മിറ്റിയുടെ തീരുമാന പ്രകാരം കാന്റീൻ പ്രവർത്തിപ്പിക്കേണ്ടതാണ്.

10. കാന്റീൻ നടത്തിപ്പിനുള്ള രേഖാമൂലമുള്ള അനുമതി ലഭിച്ച് കഴിഞ്ഞ് ഒരാഴ്ചക്കകം 10,000/- രൂപ കരുതൽ ധനമായി കെട്ടി വെയ്ക്കേണ്ടതും 220/- രൂപ വിലയുള്ള മുദ്രപത്രത്തിൽ ഉഭയസമ്മത പ്രകാരം തയ്യാറാക്കുന്ന സമ്മത പത്രത്തിൽ ഒപ്പ് വെയ്ക്കേണ്ടതുമാണ്. കാലാവധി തീരുന്നതിനു മുമ്പേ കരാറുകാരൻ കാന്റീൻ നടത്തിപ്പിൽ നിന്നും ഏകപക്ഷീയമായി പിൻമാറുകയോ സ്ഥാപനമേധാവി കരാർ റദ്ദ് ചെയ്യുകയോ ചെയ്യുന്ന പക്ഷം കരുതൽ ധനം സർക്കാറിലേയ്ക്ക് കണ്ടു കെട്ടുന്നതായിരിക്കും.

11. ലഹരി വസ്തുക്കളും പുകയിലജന്യ പദാർത്ഥങ്ങളും വിൽപന നടത്തുവാൻ പാടുള്ളതല്ല.

12. ക്യാമ്പസിലെ അച്ചടക്കത്തിനും അക്കാഡമിക് നിലവാരത്തിനും അനുയോജ്യമല്ലാത്ത പ്രവർത്തനങ്ങൾ കാന്റീൻ പരിസരത്ത് അനുവദിക്കുന്നതല്ല.

13. പാക്ക് ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾ , പാനീയങ്ങൾ, ഐസ്ക്രീം തുടങ്ങിയ സാധനങ്ങൾ രേഖപ്പെടുത്തിയ പരമാവധി വിലയിൽ കൂട്ടുവാൻ പാടുള്ളതല്ല.

14.കാൻറ്റീനിലും പരിസര പ്രദേശങ്ങളിലും ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ് പ്ലാസ്റ്റിക്ക് വേസ്റ്റ് ഹരിതകർമ്മസേനക്ക് കൈമാറി സ്വന്തം നിലയിൽ ചാർജ്ജ് ഒടുക്കേണ്ടതും ബയോവേസ്റ്റ് ശരിയായ രീതിയിൽ സംസ്കരിക്കേണ്ടതുമാണ്.

15. കാന്റീൻ കരാർ ലഭിക്കുന്ന പക്ഷം FSSAI സർട്ടിഫിക്കറ്റ്, ജീവനക്കാരുടെ മെഡിക്കൽ/ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയ ശേഷം മാത്രമേ കാന്റീൻ തുടങ്ങാൻ അനുവദിക്കുകയുള്ളൂ.

16.കാൻറ്റീൻ നടത്തുന്നതിന് അനുമതി ലഭിച്ച കരാറുകാരൻ മുഴുവൻ സമയവും കാൻറ്റീനിൽ ഉണ്ടായിരിക്കണം. കാൻറ്റീൻ ഉപകരാർ നടത്താൻ പാടുള്ളതല്ല.

E A Jasmin
PRINCIPAL, EC

1. നോട്ടീസ് ബോർഡ്

2. കോർപ്പറേഷൻ ഓഫീസ്, കോഴിക്കോട്
3. വില്ലേജ് ഓഫീസ്, കച്ചേരി
4. സർക്കാർ പോളിടെക്നിക്, വെസ്റ്റ് ഹിൽ
5. ഗവ ടെക്നിക്കൽ ഹൈസ്കൂൾ, വെസ്റ്റ് ഹിൽ
6. ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട്
7. കുടുംബശ്രീ ജില്ലാ മിഷൻ, സിവിൽ സ്റ്റേഷൻ, കോഴിക്കോട്

Signed by
E A Jasmin
Date: 09-06-2025 10:01:33

| ക്രമ നം | വിഭവങ്ങൾ | അളവ് |
|---|---|---|
| 1 | ചായ | 150ml |
| 2 | കോഫി | 150ml |
| 3 | കട്ടൻ ചായ/കോഫി | 150ml |
| 4 | ദോശ/ചട്ട്ണി/സാമ്പാർ | 40gram |
| 5 | ഇഡ്ഡലി | 40gram |
| 6 | ഉപ്പുമാവ് | 150gram |
| 7 | പുട്ട് | 100gram |
| 8 | ചപ്പാത്തി | 30gram |
| 9 | നൂലപ്പം | 35gram |
| 10 | പൊറോട്ട | 50gram |
| 11 | വെള്ളപ്പം | 40gram |
| 12 | ഊത്തപ്പം | 50gram |
| 13 | പൂരി | 40gram |
| 14 | പീസ് മസാല കറി | 150gram |
| 15 | വെജിറ്റബിൾ കറി | 150gram |
| 16 | കടല കറി | 150gram |
| 17 | ചിക്കൻ ബിരിയാണി(2 പീസ്) | 300gram |
| 18 | മുട്ട ബിരിയാണി(1 മുട്ട) | 250gram |
| 19 | വെജ് ബിരിയാണി | 250gram |
| 20 | ഊണ്<br>ചോറ്<br>സാമ്പാർ<br>മീൻ കറി<br>കൂട്ടുകറി/അവിയൽ/എരിശ്ശേരി<br>തോരൻ<br>രസം/മോര്,~~മീൻകറി~~<br>പപ്പടം<br>അച്ചാർ | ആവശ്യത്തിന് |
| | | |

| | | |
|---|---|---|
| 21 | സ്നാക്സ്<br>1. സമൂസ | 50gram |
| | 2. പഴം പൊരി | 50gram |
| | 3. കൊഴുക്കട്ട | 50gram |
| | 4. ഉഴുന്നു വട | 50gram |
| | 5. പരിപ്പ് വട | 50gram |
| | 6. ഉള്ളി വട | 50gram |
| | 7. ബജി | 50gram |
| | 8. ബോണ്ട | 50gram |
| | 9. ഇലയട | 100gram |
| | 10. കായപ്പം | 50gram |
| | 11. കട് ലറ്റ് | 50gram |
| | 12. പഫ്സ് | 100gram |
| | 13. കേസരി | 50gram |
| സ്പെഷ്യൽ ഐറ്റംസ് | | |
| 22 | ചിക്കൻ കറി | 150gram |
| 23 | ചിക്കൻ ഫ്രൈ | 100gram |
| 24 | ബീഫ് ഫ്രൈ | 100gram |
| 25 | ബീഫ് റോസ്റ്റ് | 100gram |
| 26 | ഫിഷ് കറി | 200ml |
| 27 | ഫിഷ് ഫ്രൈ | 75-100gram |
| 28 | ഓംലെറ്റ് സിംഗിൾ | |
| 29 | ഓംലെറ്റ് ഡബിൾ | |
| 30 | തൈര് | 60ml |

E A Jasmin

PRINCIPAL, EC

Signed by
E A Jasmin
Date: 09-06-2025 10:02:10